⇨ ഡച്ച് സംസ്കാരത്തെക്കുറിച്ച് ആഴത്തിലുള്ള അറിവ് പുസ്തകം പകർന്നു നൽകുന്നു ⇨

**യാത്രികന്റെ** സഞ്ചാരപഥവും അനുഭവങ്ങളും വായനക്കാരന്റെ കൂടിയാകുന്ന അസുലഭ മുഹൂർത്തങ്ങൾ സമ്മാനിക്കാൻ മികച്ച സഞ്ചാരസാഹിത്യ ഗ്രന്ഥങ്ങൾക്ക് കഴിയുന്നു. പത്രപ്രവർത്തകനും മാധ്യമ പരിശീലകനുമായ രാജു റാഫേൽ രചിച്ച 'ആംസ്റ്റർഡാമിലെ സൈക്കിളുകൾ' ഇത്തരത്തിലുള്ള ഒരു കൃതിയാണ്. താൻ കടന്നുപോയ വഴികളിലെ കാഴ്ചകൾ ലളിതമായ ഭാഷയിൽ ആവിഷ്കരിച്ച്, യാത്രാനുഭവങ്ങൾ നൽകുന്ന ഊർജ്ജം വായനക്കാർക്ക് കൂടി പകരുന്നു രാജു റാഫേൽ. ലോകത്തിലെ ഏറ്റവും മികച്ച സൈക്കിൾ സൗഹൃദ രാഷ്ട്രമായ ഹോളണ്ടിലെ ജനങ്ങളുടെ സൈക്കിൾ പ്രണയത്തിന്റെ വിശദാംശങ്ങളോടൊപ്പം ഡച്ച് സംസ്കാരത്തെ കുറിച്ചും ജീവിതരീതികളെ കുറിച്ചും ഒരുപാട് വൈജ്ഞാനിക ശകലങ്ങൾ നൽകി ഈ പുസ്തകം വായനയെ സമ്പന്നമാക്കുന്നു.

# സൈക്കിൾ നിലയ്ക്കാത്ത വഴിത്താരകളിലൂടെ

കേരളീയം ഇരുപത് ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച്, പിന്നീട് 'ഗ്രീൻ ബുക്ക്സ്" പുസ്തകരൂപത്തിൽ പുറത്തിറക്കിയ രാജു റാഫേലിന്റെ 'ആംസ്റ്റർഡാമിലെ സൈക്കിളുകൾ' എന്ന യാത്രാവിവരണത്തിന്റെ വായനാനുഭവം

**കെ. എം. ഷിനോജ്**

ദീർഘകാലം ബ്രിട്ടന്റെ കോളനിയായിരുന്ന പ്രദേശത്ത് ജനിച്ച് വളർന്നതുകൊണ്ടാകാം പൊതുവേ കേരളീയർക്കെല്ലാം ഇംഗ്ലീഷ് സംസ്കാരത്തെ കുറിച്ചും സാഹിത്യത്തെ കുറിച്ചും ജീവിതരീതികളെ കുറിച്ചുമെല്ലാം നല്ല ധാരണയുണ്ട്. മയ്യഴിക്കാർക്ക് ഫ്രഞ്ച് സാംസ്കാരിക പാരമ്പര്യത്തിലുള്ള ഊറ്റം പോലെ കേരളീയരുടെ നിഷേധിക്കാനാവാത്ത സ്വത്വബോധമായി അത് തുടരുന്നു. അതേ സമയം ഡച്ച് ജനതയേയും അവരുടെ സംസ്കാരത്തെയും കുറിച്ച് പഠിക്കാൻ കാര്യമായ ശ്രമമൊന്നും ഇതുവരെ നമ്മൾ നടത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ഡച്ച് സംസ്കാരിക പാരമ്പര്യത്തെ കുറിച്ചോ, സാഹിത്യത്തെ കുറിച്ചോ, അവരുടെ സൈക്കിൾ പ്രണയത്തെ കുറിച്ചോ നമുക്കുള്ള അറിവ് പരിമിതമാണ്. ആ കുറവ് നികത്തികൊണ്ട് ഡച്ച് ജീവിത സംസ്കൃതിയെ കുറിച്ച് ആഴത്തിലുള്ള അറിവ് ലളിത സുന്ദരമായ ഭാഷയിൽ വായനക്കാരന് പകർന്നു നൽകുന്നു എതാണ് 'ആംസ്റ്റർഡാമിലെ സൈക്കിളുകൾ' എന്ന പുസ്തകത്തിന്റെ പ്രാധാന്യം.

ഏഷ്യാനെറ്റിൽ പതിനഞ്ച് വർഷം പത്രപ്രവർത്തകനായി പ്രവർത്തിച്ച പരിചയ സമ്പത്തുമായാണ്, ഏഷ്യാനെറ്റ് ന്യൂസിന്റെ സ്ഥാപകാംഗങ്ങളിലൊരാളായ രാജു റാഫേൽ ഹോളണ്ടിലെ ഹിൽവർസം എന്ന പട്ടണത്തിലുള്ള റേഡിയോ നെതർലാന്റ്സിന്റെ ട്രെ

*⇨ ഏകദേശം ഇരുപതിനായിരം കിലോമീറ്റർ നീളമാണ് ഹോളണ്ടിലെ സൈക്കിൾപ്പാതകൾക്ക് എല്ലാംകൂടിയുള്ളത് ⇨*

യിനിങ്ങ് സെന്ററിൽ മാധ്യമ അധ്യാപക പരിശീലീനത്തിനെത്തുന്നത്. ഹോളണ്ടിലെ പരിശീലനകാലത്തിനിടയിൽ ആ രാജ്യത്തിലുടനീളം സൈക്കിളിൽ സഞ്ചരിച്ച അനുഭവങ്ങളാണ് ഈ പുസ്തകത്തിന് ആധാരം. എന്നാൽ വെറുമൊരു സൈക്കിൾ യാത്രാകുറിപ്പായി ഈ പുസ്തകത്തിനെ പരിമിതപ്പെടുത്തിയിട്ടില്ല. ഗ്രന്ഥകാരൻ ആമുഖത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പോലെ "ഹോളണ്ടിലെ പൊതുകാഴ്ചകൾ, ജീവിതം, സാമൂഹ്യസാമ്പത്തിക സാഹചര്യങ്ങൾ ഇതെല്ലാം സൈക്കിൾ എന്ന കണ്ണാടിയിലൂടെ സൂക്ഷ്മമായി നോക്കിയപ്പോൾ ഉണ്ടായ വേറിട്ട അനുഭവമാണ്" ആംസ്റ്റർഡാമിലെ സൈക്കിളുകൾ.

സിറ്റി ഓഫ് സ്റ്റോറി ടെല്ലേഴ്സ് - കലാകാരന്മാരുടെയും എഴുത്തുകാരുടെയും നഗരം എന്ന് ലോകം വാഴ്ത്തു ആംസ്റ്റർഡാമിനെ കുറിച്ച് വ്യക്തമായൊരു ചിത്രം ഈ പുസ്തകം വായനക്കാരന് നൽകുന്നു. ഹോളണ്ടിന്റെ തലസ്ഥാന നഗരം കൂടിയാണ് ആംസ്റ്റർഡാം. ഇരുപത്തിയഞ്ച് ലക്ഷം ജനങ്ങൾ താമസിക്കുന്ന ആംസ്റ്റർഡാമിലെ സൈക്കിളുകളുടെ എണ്ണം ഇരുപത്തിയഞ്ച് ലക്ഷത്തിലധികമാണ്. ജനങ്ങളെക്കാൾ കൂടുതൽ സൈക്കിളുകളുള്ള നഗരം. സൈക്കിളിന് ആൺ-പെൺ വ്യത്യാസവുമില്ല. പുരുഷന്മാരേക്കാൾ കൂടുതൽ സൈക്കിൾ ഉപയോഗിക്കുന്നത് സ്ത്രീകളാണുതാനും. ലോകത്തിൽ ഏറ്റവും കൂടുതൽ സൈക്കിൾ മോഷണം നടക്കുന്നതും ആംസ്റ്റർഡാമിലാണത്രേ! ഒരു വർഷം ശരാശരി അൻപതിനായിരത്തിനും അറുപതിനായിരത്തിനും ഇടയിൽ സൈക്കിളുകൾ ആംസ്റ്റർഡാമിൽ മോഷണം പോകുന്നു. ആംസ്റ്റർഡാമിലെ പോലീസിന്റെ തീരാതലവേദനയാണ് ഈ സൈക്കിൾ കള്ളൻമാർ. ഇത്തരം കൊച്ചുകൊച്ചു കാര്യങ്ങളും വിജ്ഞാനശകലങ്ങളും രസകരമായി അവതരിപ്പിച്ചിരിക്കുന്നു പുസ്തകം. ഈ രസച്ചരട് ഒരിടത്തും പൊട്ടുന്നുമില്ല.



തലമുറകളുടെ ഉപയോഗത്തിലൂടെ ഡച്ചുകാർ ആർജ്ജിച്ച സൈക്കിൾ സംസ്കാരത്തെ കുറിച്ച് ആഴത്തിൽ അറിയാൻ ശ്രമിക്കുന്നുണ്ട് രാജു റാഫേൽ. സൈക്കിൾ ഒരു ഗതാഗത മാധ്യമം എന്നതിലുപരിയായി ജീവിത സംസ്കാരമാണ് ഡച്ച് ജനതക്ക്. കേരളവുമായി നിരവധി സമാനതകൾ ഉണ്ട് ഹോളണ്ടിന്. ഏതാണ്ട് കേരളത്തിന്റെ അത്ര തന്നെ വലിപ്പമേ ഹോളണ്ട് എന്ന രാജ്യത്തിന് ഉള്ളൂ. എന്നാൽ ആകെ ജനസംഖ്യ കേരളത്തിന്റെ പകുതി മാത്രം - ഒരു കോടി അറുപത് ലക്ഷം. ഈ ഒരു കോടി അറുപത് ലക്ഷം ജനങ്ങൾ ഒരു കോടി മുപ്പത് ലക്ഷം സൈക്കിളുകൾ നിത്യവും ഉപയോഗിക്കുന്നു. ഒരു ശരാശരി ഡച്ചു പൗരൻ തന്റെ ജീവിതത്തിലെ മൊത്തം യാത്രയുടെ നാൽപ്പത് ശതമാനവും നിർവ്വഹിക്കുന്നത് സൈക്കിളിലാണ്. സ്ഥാനമാനങ്ങളോ വലിപ്പചെറുപ്പമോ ഇതിന് തടസ്സമാകുന്നില്ല. പ്രധാനമന്ത്രി മുതൽ തൂപ്പുകാരൻ വരെ നിത്യയാത്രകൾക്ക് ആശ്രയിക്കുന്നത് സൈക്കിളിനെ തന്നെ. ഏകദേശം ഇരുപതിനായിരം കിലോമീറ്റർ നീളമാണ് ഹോളണ്ടിലെ സൈക്കിൾ പാതകൾക്ക് എല്ലാം കൂടി ഉള്ളത്. ഹോളണ്ടിലെ നാടും നഗരവും കാടുമെല്ലാം പ്രത്യേകമായ സൈക്കിൾ പാതകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ പാതകളിലൂടെ ഡച്ചുകാർ എല്ലാവരും കൂടി ഒരു വർഷം 1500 കോടി കിലോ മീറ്റർ സൈക്കിളോടിക്കുന്നു എന്നാണ് കണക്ക്. ഹോളണ്ടിലെ ട്രെയിനുകളെല്ലാം കൂടി ഒരു വർഷം ഓടുന്നതിനേക്കാൾ കൂടുതലാണ് ഈ ദൂരം. പെട്രോൾ ഉത്പാദക രാജ്യമല്ലാത്ത ഹോളണ്ടിന് സൈക്കിൾ സംസ്കാരത്തിലൂടെ വർഷം തോറും ലാഭിക്കാൻ കഴിയുന്ന സമ്പത്തിന്റെ അളവ് വളരെ വലുതാണ്! അതിലുപരിയായി ഹോളണ്ടിൽ അന്തരീക്ഷ മലിനീകരണത്തിന്റെ തോത് മറ്റ് രാജ്യങ്ങളേക്കാൾ വളരെ കുറവുള്ളതാകാനും സൈക്കിൾ സംസ്കാരത്തിന് വലിയ പങ്കുണ്ട്. മാത്രവുമല്ല, കുടവയർ, അമിത വണ്ണം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, വ്യായാമക്കുറവ് മൂലമുള്ള അസുഖങ്ങൾ എന്നിവയെല്ലാം ഡച്ചുകാരന്റെ പടിക്ക് പുറത്തായതിന്റെ രഹസ്യവും സൈക്കിളുമായുള്ള ഈ ചങ്ങാത്തം തന്നെ.

ബ്രിട്ടൻ, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങൾ ഹോളണ്ടിന്റെ സൈക്കിൾ സംസ്കാരം തങ്ങളുടെ പ്രധാന നഗരങ്ങളിലേക്ക് പറിച്ചു നടാനുള്ള തീവ്രശ്രമത്തിലാണ് ഇപ്പോൾ. ലണ്ടനും കോപ്പൻഹേഗനുമെല്ലാം ആംസ്റ്റർഡാമിന്റെ സൈക്കിൾ സംസ്കാരത്തെ പിൻതുടരുന്നത് ലോകം പ്രതീക്ഷയോടെയാണ് കാണുന്നത്. ഇങ്ങനെ പടർന്നുകൊണ്ടിരിക്കുന്ന ഹോളണ്ടിന്റെ സൈക്കിൾ സംസ്കാരം രൂപപ്പെട്ടത് എങ്ങിനെയെന്നും അതിന്റെ രാഷ്ട്രീയം എന്തെ

ന്നും രാജു റാഫേൽ വിശകലനം ചെയ്യുന്നുണ്ട്.

ഹോളണ്ടിലെ സൈക്കിൾ സംസ്കാരത്തിന് ഒരു നൂറ്റാണ്ടിലേറെ ചരിത്രമുണ്ടെങ്കിലും 1950-കളിലാണ് പൊതുഗതാഗത സംവിധാനമായി ഡച്ചുകാർ സൈക്കിളിന്റെ സാധ്യത പ്രയോജനപ്പെടുത്തി തുടങ്ങിയതെന്ന് രാജു റാഫേൽ പതിനാറാം അധ്യായത്തിൽ ചൂണ്ടിക്കാണിക്കുന്നു. സമുദ്ര നിരപ്പിനും താഴെ സ്ഥിതിചെയ്യുന്നതുകൊണ്ട് കയറ്റിറക്കങ്ങൾ ഇല്ലാത്ത, തീർത്തും നിരപ്പായ ഭൂമിയായതു കൊണ്ടാണ് ഹോളണ്ട് ഒരു സൈക്കിൾ സൗഹൃദ രാഷ്ട്രമായത് എന്നാണ് പൊതുവേയുള്ള ധാരണ. എന്നാൽ ആ നിഗമനം മുഴുവൻ ശരിയല്ലെന്ന് രാജു റാഫേൽ പറയുന്നു. "ഹോളണ്ടിനേക്കാൾ നിരപ്പായ പ്രദേശങ്ങൾ ഭൂമിയിൽ വേറെ ഒരുപാടുണ്ടെങ്കിലും അവിടുത്തെ ജനങ്ങളൊന്നും പ്രധാന ഗതാഗത മാ

ഹോളണ്ടിലെ എല്ലാ പട്ടണങ്ങളെയും
ഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട്
ഇന്ന് കാണുന്ന മനോഹരമായ സൈക്കിൾ
പാതകളുടെ ഉത്ഭവം ഇത്തരത്തിൽ
വർഗ്ഗസംഘട്ടനങ്ങളുടെ തുടർച്ചയാണ്
എന്നത് കൗതുകകരമായ ചരിത്രമാകുന്നു

ധ്യമമായി സൈക്കിൾ ഉപയോഗിക്കുന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം സമ്പന്ന രാഷ്ട്രങ്ങളെ വിഴുങ്ങിയ (ഇപ്പോൾ ഇന്ത്യപോലുള്ള മൂന്നാം ലോക രാഷ്ട്രങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന) വാഹന വിപ്ലവം ഏറെ വൈകിയാണ് ഹോളണ്ടിലെത്തിയത്. 1960 വരെ വാഹന വിപ്ലവം - മാസ്സ് മോട്ടോറൈസേഷൻ - ഹോളണ്ടിൽ സംഭവിച്ചിട്ടുണ്ടായിരുന്നില്ല. യാത്രാവശ്യത്തിന് സൈക്കിൾ അല്ലെങ്കിൽ കുതിരയെ ഉപയോഗിക്കണമായിരുന്നു. കുതിരക്കാണെങ്കിൽ ദിവസവും തീറ്റകൊടുക്കണം - സൈക്കിളിന് അത് വേണ്ട. സ്വഭാവികമായും ജനങ്ങൾ സൈക്കിളിനെ പൊതുഗതാഗത മാധ്യമമായി സ്വീകരിച്ചു. 1900 മുതൽ 1940 വരെയുള്ള കാലയളവിൽ ഹോളണ്ടിൽ ആകെ ഉണ്ടായിരുന്നത് നാൽപത് ലക്ഷം സൈക്കിളുകളാണ്. 1940-ൽ ഹോളണ്ടിൽ ആകെയുണ്ടായിരുന്ന മോട്ടോർ വാഹനങ്ങളുടെ എണ്ണമാകട്ടെ ഒരു ലക്ഷവും. രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞ ശേഷം 1960 വരെയുള്ള കാലഘട്ടത്തിൽ സൈക്കിളുകളുടെ എണ്ണം വളരെയധികം വർദ്ധിച്ചു. യുദ്ധത്തോട് അനുബന്ധിച്ചുണ്ടായ സാമ്പത്തിക ഞെരുക്കം മോട്ടാർ വാഹനങ്ങളുടെ എണ്ണം കൂടുന്നത് തടഞ്ഞു. നിത്യജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വാഹനമായി സൈക്കിൾ സമ്പന്നരും ദരിദ്രരും ഒരുപോലെ അംഗീകരിച്ചു. എന്നാൽ 1960 കളുടെ തുടക്കത്തോടെ ചിത്രം തലകീഴായി മറിഞ്ഞു. യുദ്ധം സമ്മാനിച്ച സാമ്പത്തിക ക്ഷീണത്തിൽ നിന്ന് കരകയറിയതോടെ ഹോളണ്ടിൽ കാറുകളുടെയും മറ്റ് മോട്ടോർ വാഹനങ്ങളുടെയും എണ്ണം ക്രമാതീതമായി പെരുകി. മോട്ടോർ വാഹനങ്ങൾ പെരുകിയതോടെ കൂടുതൽ മികച്ച റോഡുകൾ ആവശ്യമായി വന്നു. ഇതിന് പണം കണ്ടെത്താനുള്ള നല്ല വരുമാന മാർഗ്ഗമായിട്ടാണ് അന്നത്തെ ഡച്ച് സർക്കാർ സൈക്കിളുകളെ കണ്ടത്. സൈക്കിളുകാരിൽ നിന്ന് പിരിക്കുന്ന നികുതി ഉപയോഗിച്ച് അവർ ഹോളണ്ടിലെങ്ങും കാറുകൾക്ക് സുഗമമായി സഞ്ചരിക്കാനായി മികച്ച റോഡുകൾ പണിതു. റോഡുകൾ നന്നായപ്പോൾ കാറുകളുടെ എണ്ണം വീണ്ടും കൂടി. സൈക്കിൾ, തൊഴിലാളികളുടെയും പാവപ്പെട്ടവന്റെയും വാഹനമായി. സൈക്കിളോടിക്കുന്നത് ഉന്നതകുലജാതരുടെയും ധനാഢ്യരുടെയും അന്തസ്സിന് ചേരാത്ത പ്രവൃത്തിയായിമാറി (ഇപ്പോൾ കേരളത്തിലുള്ളതുപോലെ). പാഞ്ഞുപോകുന്ന കാറുകളിലിരിക്കുന്നവർക്ക് സൈക്കിൾ യാത്രക്കാർ റോഡിലെ ശല്യങ്ങളും ശകുനം മുടക്കികളുമായി മാറി. കാറുകളും സൈക്കിളുകളും കൂട്ടിയിടിച്ചുള്ള അപകടമരണങ്ങളും അതിനെ തുടർന്ന് കാറുടമസ്ഥരായ ധനികരും സൈക്കിൾ യാത്രക്കാരായ തൊഴിലാളികളും തമ്മിലുള്ള സംഘട്ടനങ്ങളും ഹോളണ്ടിലെ റോഡുകളിൽ നിത്യസംഭവമായി. പൊറുതി മുട്ടിയ സർക്കാർ കണ്ടെത്തിയ വഴിയാണ് ശല്യക്കാരായ സൈക്കിളുകാർക്ക് പ്രത്യേകമായ പാതകൾ - ഫെയറ്റ് പാത്ത് - നിർമ്മിക്കുകയെന്നത്. ഹോളണ്ടിലെ എല്ലാ പട്ടണങ്ങളെയും ഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഇന്ന് കാണുന്ന മനോഹരമായ സൈക്കിൾ പാതകളുടെ ഉത്ഭവം ഇത്തരത്തിൽ വർഗ്ഗസംഘട്ടനങ്ങളുടെ തുടർച്ചയാണ് എന്നത് കൗതുകകരമായ ചരിത്രമാകുന്നു.

അതേസമയം സൈക്കിൾ കൗതുകങ്ങളിൽ നിന്ന് ഡച്ച് ജീവിതത്തിലേക്ക് ആഴത്തിൽ ഇറങ്ങി ചെന്ന് സൂക്ഷ്മനിരീക്ഷണം നടത്തുന്നുണ്ട് ഈ കൃതി. കലാകാരന്മാരു

ടെയും കാഥികരുടെയും നഗരം എന്ന് ലോകം വിശേഷിപ്പിക്കുന്ന ആംസ്റ്റർഡാമിന്റെ അപരനാമം 'സിറ്റി ഓഫ് സിൻ - പാപങ്ങളുടെ നഗരം' എന്നാണ്. ആംസ്റ്റർഡാമിന് ഈ പേര് എങ്ങിയെ ഉണ്ടായി എന്ന് വിശദമാക്കുന്നുണ്ട് ഈ പുസ്തകം. ആംസ്റ്റർഡാമിലെ ചുവന്ന പ്രവിശ്യകളെക്കുറിച്ചും, മറ്റുള്ളവരെ പോലെ വരുമാന നികുതി കൃത്യമായി അടച്ച് ജീവിക്കുന്ന അവിടുത്തെ അഭിസാരികകളെ കുറിച്ചും അവരെങ്ങിനെ അഭിസാരികളായി മാറി എന്നതിനെ കുറിച്ചുമെല്ലാം വിശദമായി പ്രതിപാദിക്കുന്ന ഒരധ്യായം തന്നെയുണ്ട് പുസ്തകത്തിൽ. റെഡ് ലൈറ്റ് സംസ്കാരത്തിന് ഡച്ച് സംസ്കൃതിയിലുള്ള പ്രാധാന്യവും സാമൂഹ്യ പ്രസക്തിയും ശരാശരി മലയാളിക്ക് ഉൾക്കൊള്ളാവുന്നതിന് അപ്പുറമാണ്. എങ്ങിനെ വ്യഭിചരിക്കണമെന്ന് സന്ദർശകന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനായി പ്രവർത്തിക്കുന്ന പ്രോസ്റ്റിറ്റ്യൂഷൻ ഇൻഫർമേഷൻ സെന്റർ വരെയുണ്ട് ആംസ്റ്റർഡാമിലെ ചുവന്ന തെരുവുകളിൽ. "ഈ നഗരത്തിൽ നിങ്ങൾ കണ്ടുമുട്ടുന്ന നാലുപേരിൽ ഒരാൾ എഴുത്തുകാരനോ സിനിമാക്കാരനോ ആയിരിക്കും. രണ്ടാമത്തെയാൾ നർത്തകനോ അഭിനേതാവോ, മൂന്നാമത്തെയാൾ വിനോദസഞ്ചാരി, നാലാമത്തെയാൾ അഭിസാരികയും - ആംസ്റ്റർഡാമിനെ കുറിച്ച് ഡച്ചുകാർ തന്നെ വാഴ്ത്തുന്നത് ഇങ്ങനെയാണ്. സിറ്റി ഓഫ് സിൻ എന്ന് ആംസ്റ്റർഡാം അറിയപ്പെടുന്നതിൽ ഓരോ ഡച്ചുകാരനും അഭിമാനിക്കുന്നുണ്ടെന്ന് എനിക്ക് തോന്നി", രാജു റാഫേൽ തുടരുന്നു- "ആംസ്റ്റർഡാമിൽ ഏത് വിദേശി വന്നാലും ഡച്ചുകാർ അഭിമാനപൂർവ്വം ആദ്യം കൊണ്ടുവന്നു കാണിക്കുക ഈ റെഡ് ലൈറ്റ് ഡിസ്ട്രിക്ട് ആണ്. ലോകത്തിലെ മറ്റേത് സമൂഹവും വെറുപ്പോടെ കാണുന്ന വേശ്യാതെരുവുകളെയും അഭിസാരികകളെയും ചൊല്ലി ഡച്ചുകാരന്റെ മനസ്സ് അഭിമാനിക്കുന്നു."

ഇത്തരം വ്യത്യസ്തമായ അനുഭവ തലങ്ങൾ ഡച്ച് സമൂഹത്തിന് ഒട്ടേറെയുണ്ടെന്ന് പുസ്തകം പറഞ്ഞുതരുന്നു. ലോകത്തിലെ മറ്റ് രാഷ്ട്രങ്ങളിലെല്ലാം നിയമം മൂലം നിരോധിച്ചിട്ടുള്ള മയക്കുമരുന്നുകൾ - കഞ്ചാവ്, ഹഷീഷ്, മരിൻജുവാന - തുടങ്ങിയവ ഉപയോഗിക്കുന്നതും കൈവശം വെയ്ക്കുന്നതും ഹോളണ്ടിൽ നിയമാനുസൃതമാണ്. മയക്കുമരുന്നുകൾ വിൽക്കാനായി ലൈസൻസ് ഉള്ള കടകൾ ഇഷ്ടംപോലെയുണ്ട്. കോഫി ഷോപ്പുകൾ എന്നാണിവ അറിയപ്പെടുന്നത്. വഴിയിൽ കാണുന്ന അനധികൃത കച്ചവടക്കാരിൽ നിന്നും വാങ്ങരുത്, മയക്കുമരുന്നു വേണമെങ്കിൽ കോഫി ഷോപ്പിൽ നിന്ന് വാങ്ങൂ എന്നാണ് ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ ആംസ്റ്റർഡാമിൽ വിദേശ വിനോദ സഞ്ചാരികൾക്ക് നൽകുന്ന പ്രധാന ഉപദേശം. ഉപഭോക്താവ് വിലകൊടുത്ത് വാങ്ങുന്ന മയക്കുമരുന്നിന്റെ ഗുണനിലവാരം സൗജന്യമായി പരിശോധിച്ച് നൽകുന്ന നിരവധി സർക്കാർ ലാബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട് ആംസ്റ്റർഡാമിലും ഹോളണ്ടിലെ മറ്റ് നഗരങ്ങളിലും. ഇത്തരത്തിൽ നമ്മുടെ കപടമായ സാമൂഹിക സദാചാര ബോധങ്ങളെ ആകെ തകർത്തെറിയുന്ന നിരവധി സംഗതികളുടെ സംഗമ ഭൂമികയാണ് ഹോളണ്ട് എന്ന് പുസ്തകം പറഞ്ഞുതരുന്നു.

ലോകത്തിലാദ്യമായി ദയാവധം അനുവദിച്ചുകൊണ്ട് നിയമ നിർമ്മാണം നടത്തിയ, സ്വവർഗ്ഗാനുരാഗികൾക്ക് ദാമ്പത്യജീവിതം അനുവദിച്ച ലോകത്തിലെ ആദ്യരാഷ്ട്രമായ ഹോളണ്ടിനെ കുറിച്ച് കൂടുതലടുത്തറിയാൻ ഇത്രമാത്രം സഹായിക്കുന്ന മറ്റൊരു പുസ്തകം മലയാളത്തിലില്ല എന്ന് തന്നെ പറയാം. പുസ്കത്തിന്റെ ആമുഖത്തിൽ ഗ്രന്ഥകാരൻ പറയുന്നു - "സ്വവർഗ ലൈംഗികത പോലെ നമ്മുടെ സാമൂഹിക വ്യവസ്ഥയിൽ അശ്ലീലമായി കരുതുന്ന പലകാര്യങ്ങളും ഹോളണ്ടിൽ നിയമ പരിരക്ഷയുള്ള ശരികളാണ്. അവിടെ ശരിയാണെങ്കിലും ഇവിടെ തെറ്റായതുകൊണ്ട് കണ്ട കാഴ്ചകളെ കുറിച്ച് എഴുതുമ്പോൾ ഇത്തരം കാര്യങ്ങൾ ഒഴിവാക്കുക എന്ന പൊതുരീതി പിൻതുടർന്നിട്ടില്ല. അശ്ലീലമല്ലാത്ത ഭാഷയിൽ അത്തരം കാഴ്ചകളെ കുറിച്ച് എഴുതാനാണ് ശ്രമിച്ചത്. അതിൽ വിജയിച്ചുവോ എന്ന് വായനക്കാർ തന്നെ തീരുമാനിക്കുക"- രാജു റാഫേൽ അതിൽ വിജയിച്ചു എന്ന കാര്യത്തിൽ ഒരു വായനക്കാരനും അഭിപ്രായ വ്യത്യാസം ഉണ്ടാകാൻ തരമില്ല. കടുത്ത യാഥാസ്ഥിതികനായ ഒരു വായനക്കാരന് പോലും ഒട്ടും അരോചകമല്ലാത്ത വിധം ലളിതസുന്ദരമായി ഡച്ചുകാരുടെ സൈക്കിൾ പ്രണയത്തെക്കുറിച്ചും ആംസ്റ്റർഡാമിലെ അഭിസാരികകളെക്കുറിച്ചും ഹേഗിലെ മതിലുകളില്ലാത്ത വീടുകളെക്കുറിച്ചുമെല്ലാം ഉയർന്ന തലത്തിൽ സംവദിക്കാനാവുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ പ്രത്യേകത. ഈ പ്രത്യേകത തന്നെയാണ് ആംസ്റ്റർഡാമിലെ സൈക്കിളുകളുടെ വായനയെ സമ്പന്നമാക്കുന്നത്. ■

## പ്രകാശനം മേധാപട്കർ

ആംസ്റ്റർഡാമിലെ സൈക്കിളുകൾ എന്ന രാജു റാഫേലിന്റെ പുസ്തകം മേധാ പട്കറാണ് പ്രകാശനം ചെയ്തത്. 2012 നവംബർ 18ന് തൃശൂർ സൽസബീൽ ഗ്രീൻ സ്കൂളിൽ വച്ച് നടന്ന ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ കൺവെൻഷൻ വേദിയിൽ വച്ചായിരുന്നു പ്രകാശനം. പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ. എസ്. ശങ്കർ അധ്യക്ഷനായിരുന്നു.